# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 7498 | 14.07.2014 -ൽ മറുപടി നൽകേണ്ടത്

### ജനന രജിസ്ട്രേഷൻ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ഡോ. എം. കെ. മുനീർ
പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി

(എ) ജനനം വൈകി രജിസ്റ്റർ ചെയ്യുന്നവർ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനന രജിസ്ട്രേഷന് യഥാസമയം കഴിയാത്തവർക്ക് രജിസ്റ്റർ ചെയ്യുമ്പോൾ എന്തെല്ലാം രേഖകളാണ് സമർപ്പിക്കേണ്ടത് ;

(എ) ഇല്ല.

(ബി) ജനനം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ. ഡി. ഒ) അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

I. **ജനനം നടന്ന് 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ**

a) ജനന റിപ്പോർട്ട് - 2 കോപ്പി

b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം

c) ജനനം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ്)

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസ സ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 5/ രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം)

**II. ജനനം നടന്ന് ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ**

a) ജനന റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

b) സത്യവാങ്മൂലം (ആർ.ഡി.ഒ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലായവയിൽ ഏതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനന സ്ഥലം സംബന്ധിച്ച രേഖ

d) രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം).

e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (ആർ.ഡി.ഒ യിൽ നിന്നും അനുമതി ലഭിച്ച ശേഷം രജിസ്ട്രേഷൻ നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ 10 രൂപ ഫീസ് അടവാക്കണം)

| | |
|---|---|
| (സി) ജനന രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ലളിതമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

Vajeem
സെക്ഷൻ ഓഫീസർ